**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1300** **15-10-2026-ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഒ. എസ്. അംബിക ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്കായി എത്ര ഹെക്ടർ സ്ഥലമാണ് ആവശ്യമായി വരുന്നത്;

**മറുപടി:** വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്കായി 360 ഹെക്ടർ സ്ഥലമാണ് ആവശ്യമായി വരുന്നത്.

**(ബി)** പ്രസ്തുത പദ്ധതിക്കായി 3എ, 3ഡി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച തീയതി വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

**മറുപടി:**

**3എ വിജ്ഞാപനം**

**1) എസ്.ഒ. നമ്പർ 5065(ഇ) തീയതി 28/10/2022**

വില്ലേജ് - വെങ്ങാനൂർ, ബാലരാമപുരം, പള്ളിച്ചൽ, മലയിൻകീഴ്, മാറനല്ലൂർ, വിളപ്പിൽ (ബ്ലോക്ക്-1) കുളത്തുമ്മൽ, അരുവിക്കര, കരകുളം, നെടുമങ്ങാട്, വട്ടപ്പാറ, തേക്കട, മാണിക്കൽ, പുല്ലമ്പാറ, വാമനപുരം, പുളിമാത്ത്, കൊടുവാഴന്നൂർ, കിളിമാനൂർ, നഗരൂർ, വെള്ളല്ലൂർ, കരവാരം, കുടവൂർ.

**2) എസ്.ഒ. നമ്പർ 5212 തീയതി 09/11/2022**

വില്ലേജ് - വിളപ്പിൽ (ബ്ലോക്ക്-2), വിഴിഞ്ഞം.

**3) എസ്.ഒ. നമ്പർ 4486 തീയതി 13/08/2026**

വില്ലേജ് - വിഴിഞ്ഞം, ബാലരാമപുരം, പള്ളിച്ചൽ, മാറനല്ലൂർ, കുളത്തുമ്മൽ, അരുവിക്കര, നെടുമങ്ങാട്, വട്ടപ്പാറ, പുല്ലമ്പാറ, വാമനപുരം, പുളിമാത്ത്, കിളിമാനൂർ, നഗരൂർ, വെള്ളല്ലൂർ, കരവാരം, കുടവൂർ, നാവായിക്കുളം.

**4) എസ്.ഒ. നമ്പർ 4875 തീയതി 03/09/2026**

വില്ലേജ് - കിളിമാനൂർ, പുളിമാത്ത്, കരവാരം, വാമനപുരം, പുല്ലമ്പാറ, അരുവിക്കര, നെടുമങ്ങാട്, വിഴിഞ്ഞം, പള്ളിച്ചൽ, വിളപ്പിൽ, കുളത്തുമ്മൽ, കുടവൂർ, നാവായിക്കുളം.

**3ഡി വിജ്ഞാപനം**

**1) എസ്.ഒ. നമ്പർ 1541(ഇ) തീയതി 31/03/2023**

വില്ലേജ് - കുളത്തുമ്മൽ, ബാലരാമപുരം, പള്ളിച്ചൽ.

**2) എസ്.ഒ. നമ്പർ 1625(ഇ) തീയതി 05/04/2023**

വില്ലേജ് - പുല്ലമ്പാറ, മാണിക്കൽ.

**3) എസ്.ഒ. നമ്പർ 1854(ഇ) തീയതി 24/04/2023**

വില്ലേജ് - വിളപ്പിൽ, വെങ്ങാനൂർ.

**4) എസ്.ഒ. നമ്പർ 1974(ഇ) തീയതി 01/05/2023**

വില്ലേജ് - പുളിമാത്ത്, കൊടുവഴന്നൂർ, നഗരൂർ.

**5) എസ്.ഒ. നമ്പർ 2108(ഇ) തീയതി 03/05/2023**

വില്ലേജ് - കിളിമാനൂർ.

**(സി)** ഇതിൽ ഏറ്റെടുത്ത സ്ഥലത്തിന്റെ ഉടമകൾക്കുള്ള നഷ്ടപരിഹാര വിതരണം താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിജ്ഞാപന പ്രകാരം ഔപചാരികമായി സ്ഥലം ഏറ്റെടുത്തതിനെ തുടർന്ന് വസ്തു ഈട് വെച്ച് വായ്പയെടുക്കാൻ കഴിയാത്ത സാഹചര്യവും പുനരധിവാസം സംബന്ധിച്ച് ഇവർക്കുള്ള ആശങ്കകളും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഉണ്ട്. NH 866: വിഴിഞ്ഞം - നാവായിക്കുളം തിരുവനന്തപുരം ഔട്ടർ റിംഗ് റോഡിന്റെ ഭൂമി ഏറ്റെടുക്കലിന് കേന്ദ്ര സർക്കാർ അനുമതി ലഭ്യമായാൽ ഉടൻ തന്നെ 1956 ലെ ദേശീയപാതാ നിയമത്തിലെ 3G (1) വകുപ്പ് പ്രകാരം അവാർഡ് തയ്യാറാക്കി ദേശീയപാതാ അധികാരികൾക്ക് അംഗീകാരത്തിനായി നൽകുന്നതും ഫണ്ട് അനുവദിച്ചാലുടൻ തന്നെ നഷ്ടപരിഹാര വിതരണം ആരംഭിക്കുന്നതുമാണ്. ഭൂമി ഏറ്റെടുക്കൽ മൂലം കുടിയൊഴിപ്പിക്കപ്പെടുന്ന ഭൂഉടമകൾക്ക് 2013 ലെ പൊന്നുംവില നിയമത്തിലെ പട്ടിക പ്രകാരമുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതാണ്.

**സെക്ഷൻ ഓഫീസർ**